"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ശ്രീ.എൻ.കെ.കൃഷ്ണകുമാർ, മുനിസിപ്പൽ സെക്രട്ടറിയ്ക്ക് എതിരായ അച്ചടക്ക നടപടി - സെൻഷർ നൽകി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.357/2023/LSGD തീയതി,തിരുവനന്തപുരം, 08-02-2023

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 06/2016-ലെ ഇ4(എസ്.സി-03/2016/എ.എൽ.പി) 16363/16 നമ്പർ റിപ്പോർട്ട്.
2. വിജിലൻസ് വകുപ്പിന്റെ 01/11/2016 ലെ 7320/ഡി1/2016/വിജി നമ്പർ കത്ത്.
3. സർക്കാരിന്റെ 28/07/2017 ലെ ഇയു1-118/2017/തസ്വഭവ നമ്പർ കുറ്റാരോപണ പത്രിക.
4. ശ്രീ.എൻ.കെ.കൃഷ്ണകുമാറിന്റെ തീയതി രേഖപ്പെടുത്താത്ത മറുപടി.
5. നഗരകാര്യ ഡയറക്ടറുടെ 17.01.2019 ലെ വി1-20178/17 നമ്പർ കത്ത്.
6. കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ 28.11.2018, 12.12.2018 എന്നീ തീയതികളിലെ ജി-3576/18 നമ്പർ റിപ്പോർട്ട്.

<u>ഉത്തരവ്</u>

സംസ്ഥാനത്തെ നഗരസഭകളിൽ ക്ഷേമ പെൻഷനുകൾക്ക് വേണ്ടി ലഭിക്കുന്ന അപേക്ഷകൾ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ നടപടി സ്വീകരിക്കാതെ മന:പൂർവ്വം കാലതാമസം വരുത്തുന്നു എന്നും കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട അപേക്ഷകളിൽ മന:പൂർവ്വമായ കാലതാമസവും, കരവും, പിഴയും ഈടാക്കുന്നതിലെ അലംഭാവവും മൂലം സർക്കാരിന് വമ്പിച്ച സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നു എന്നുമാരോപിച്ച് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ ഓപ്പറേഷൻ ടൗൺ ആന്റ് സിറ്റി എന്ന പേരിൽ ആലപ്പുഴ ജില്ലയിലെ മാവേലിക്കര

മുനിസിപ്പാലിറ്റിയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 16.01.2016 ൽ നടത്തിയ മിന്നൽ പരിശോധനയിൽ ചുവടെ ചേർക്കുന്ന ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു.

1. ജീവനക്കാർ ആരും തന്നെ പേഴ്സണൽ കാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ പേഴ്സണൽ കാഷ് ഡിക്ലയർ ചെയ്തിട്ടില്ല.

2. ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷയുടെ 33 ഫയലുകൾ നിശ്ചിത കാലാവധിയ്ക്ക ശേഷവും നടപടികൾ ഒന്നും സ്വീകരിക്കാതെ കാണപ്പെട്ടു.

3.അവകാശ സർട്ടിഫിക്കറ്റ്, കടികിട സർട്ടിഫിക്കറ്റ്, നികുതി കണക്കാക്കൽ/ഒഴിവാക്കൽ എന്നിവയുടെ 47 ഫയലുകൾ നടപടി സ്വീകരിക്കാത്ത നിലയിൽ കാണപ്പെട്ടു.

4. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട 11 ഫയലുകൾ നടപടി സ്വീകരിക്കാത്ത നിലയിൽ കാണപ്പെട്ടു.

5. ശ്രീ. ഉണ്ണികൃഷ്ണൻ എന്നയാളിന്റെ അനധികൃത കെട്ടിട നിർമ്മാണം ബോദ്ധ്യപ്പെട്ടിട്ടും തുടർ നടപടികൾ സ്വീകരിക്കാത്ത നിലയിലും എഞ്ചിനീയറിംഗ് വിഭാഗത്തിൽ പെൻഡിംഗ് ഉള്ള ഫയൽ തീർപ്പാക്കാതെ ഹെൽത്ത് സൂപ്പർവൈസർ കടയ്ക്ക് ലൈസൻസ് അനുവദിച്ചിട്ടുള്ളതായും കാണുന്നു.

6. അപൂർണ്ണമായ ബിൽഡിംഗ് പ്ലാനും ലൊക്കേഷൻ പ്ലാനും അപേക്ഷയോടൊപ്പം സമർപ്പിച്ച ലൈസൻസിയ്ക്കെതിരെ റിപ്പോർട്ട് നൽകുവാൻ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ നിർദ്ദേശത്തിന്മേൽ സെക്ഷൻ ക്ലാർക്ക് തുടർനടപടികൾ സ്വീകരിച്ചിട്ടില്ലാത്തതാണ്.

7. അന്വേഷണം നടത്താതെ അനധികൃത നിർമ്മാണങ്ങൾ നടന്നിട്ടില്ല എന്ന് സെക്ഷൻ ക്ലാർക്ക് ഫയലിൽ നോട്ട് എഴുതിയിട്ടുള്ളതാണ്.

2. മേൽ ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ വിജിലൻസ് വകുപ്പ് പരാമർശം (2) പ്രകാരം ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടമാണെന്ന് ബോധ്യമായ ശേഷം ചട്ട പ്രകാരം നടപടി സ്വീകരിക്കാതിരുന്നതിന് മാവേലിക്കര നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.എൻ.കെ.കൃഷ്ണകുമാറിനെതിരെ കേരള സിവിൽ സർവീസ് തരം തിരിക്കലും നിയന്ത്രണവും അപ്പീലും ചട്ടങ്ങൾ പ്രകാരം ലഘു ശിക്ഷയ്ക്കുള്ള അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (3) പ്രകാരം കുറ്റാരോപണ പത്രം/ പത്രിക നൽകിയിരുന്നു.

3. കുറ്റാരോപണ പത്രത്തിൽ സൂചിപ്പിച്ചിട്ടുള്ള അനധികൃത കെട്ടിട നിർമ്മാണം ആരോപിക്കുന്ന കെട്ടിടം തകരഷീറ്റ് മേഞ്ഞ ഒറ്റ മുറി ഷെഡ്ഡാണെന്നും ഇതു സംബന്ധിച്ച ശ്രീ.രാജേഷ് കുറുപ്പ് എന്നയാളുടെ പരാതിയിന്മേൽ കെട്ടിടം അനധികൃതമാണെന്ന് നഗരസഭാ എഞ്ചിനീയർ തയ്യാറാക്കിയ റിപ്പോർട്ട് വസ്തുനിഷ്ഠമാണെന്ന് കണ്ടെത്താനായിട്ടില്ലെന്നും നഗരസഭാ സെക്രട്ടറി ശ്രീ.എൻ.കെ.കൃഷ്ണകുമാർ മറുപടി നൽകിയിരിക്കുന്നു. കെട്ടിടത്തിന് നികുതി അടവാക്കി വരുന്നതും വൈദ്യുതി കണക്ഷൻ കിട്ടിയതിന്റെ രേഖകൾ കെട്ടിട ഉടമ ഹാജരാക്കിയിട്ടുള്ളതുമാണ്. നഗരസഭയുടെ അസ്സെസ്സ്മെന്റ് രജിസ്റ്ററിൽ ഒറ്റമുറി ഷോപ്പ്/വാർപ്പ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇത് ഒറ്റ മുറി വാർപ്പ് ആണെന്നും ആയത് പൊളിച്ച് ഷീറ്റ് മേഞ്ഞ ഷെഡ് ആക്കിയെന്നും കെട്ടിടം അനധികൃത നിർമ്മാണമാണെന്നും ശ്രീ.രാജേഷ് കുറുപ്പ് എന്നയാൾ പരാതി സമർപ്പിച്ചിരുന്നു. ടി കെട്ടിടം പൊളിക്കുന്നതിന് പരാതിക്കാരൻ സെക്രട്ടറിയെ നിർബന്ധിച്ചിരുന്നുവെന്നും അന്വേഷണ ഉദ്യോഗസ്ഥനായ വിജിലൻസ് അഴിമതി നിരോധന വിഭാഗം ഡെപ്യൂട്ടി സൂപ്രണ്ട് ആയിരുന്ന ശ്രീ.അശോക് കുമാർ എന്നയാളും ടിയാന്റെ കീഴുദ്യോഗസ്ഥനും തങ്ങളുടെ കാര്യാലയത്തിൽ വിളിച്ചു വരുത്തി ആയതിന് സെക്രട്ടറിയെ നിർബന്ധിച്ചിരുന്നുവെന്നും ഇതിൽ നിന്നും രക്ഷപ്പെടണമെങ്കിൽ കെട്ടിടം പൊളിച്ചു നീക്കണമെന്നും പറഞ്ഞതായി ശ്രീ.കൃഷ്ണകുമാറിന്റെ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണം അനധികൃതമാണെന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടില്ലാത്തതിനാൽ മേൽ നടപടികൾ നിലവിൽ തുടരുന്നില്ലായെന്നും ടി ഷെഡ്ഡിന് അനുബന്ധ നിർമ്മാണങ്ങൾ അനുവദനീയമല്ലെന്നുമുള്ള വിവരം താൽക്കാലിക തീർപ്പാക്കൽ നടപടിയിൽ ചേർത്തിട്ടുള്ളതാണെന്നും ആരോപണങ്ങൾ അസന്നിഗ്ദ്ധമായി തെളിയിച്ചിട്ടില്ലാത്തതിനാൽ നടപടികൾ പൂർണ്ണമായി തീർപ്പാക്കിയിട്ടില്ലെന്നും സെക്രട്ടറി ശ്രീ.എൻ.കെ.കൃഷ്ണകുമാർ മറുപടിയിൽ വിശദീകരിച്ചിരിക്കുന്നതായും, കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ അന്വേഷണ വിധേയമായി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് പ്രകാരം മാവേലിക്കര നഗരസഭയിലെ എല്ലാ സെക്ഷനുകളിലും നിലവിൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിച്ചു വരുന്നതായും ആയതിൽ ജീവനക്കാർ ക്രമപ്രകാരം രേഖപ്പെടുത്തലുകൾ നടത്തി വരുന്നതുമാണ് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. ശ്രീ.എൻ.കെ.കൃഷ്ണകുമാറിന്റെ മറുപടിയിൽ പരാമർശിക്കുന്ന ഫയൽ പരിശോധിച്ചതിൽ പ്രസ്തുത കെട്ടിട നിർമ്മാണം അനധികൃതമാണെന്നും നഗരസഭാ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 17/274-ാം നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ടി സ്ഥാപനത്തിന്റെ ലൈസൻസ് റദ്ദ് ചെയ്തുകൊണ്ട് മുനിസിപ്പൽ

സെക്രട്ടറിയുടെ 02/12/15 ലെ ഉത്തരവ് ഉണ്ടായിട്ടുള്ളതാണെന്നും ഉടനടി അടച്ച പൂട്ടുന്നതിന് ഹെൽത്ത് സൂപ്പർവൈസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണെന്ന് കൊല്ലം മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. തുടർന്ന് കെട്ടിട ഉടമയായ ശ്രീ.ഉണ്ണിക്കൃഷ്ണൻ എന്നയാൾ ഇതിനെതിരെ പരാതി നൽകിയിട്ടുള്ളതും 21/11/18 ലെ 9-ാം നമ്പർ തീരുമാന പ്രകാരം നിയമപരമായ എല്ലാ രേഖകളും ഹാജരാക്കിയതിനു ശേഷം പെർമിറ്റിനുള്ള അനുമതി നൽകാമെന്ന് തീരുമാനിച്ചിട്ടുള്ളതുമാണ്. എന്നാൽ ഫയലിൽ തുടർനടപടികൾ ഒന്നും സ്വീകരിച്ച കാണുന്നില്ലായെന്ന് മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. അനധികൃത നിർമ്മാണം ബോധ്യപ്പെട്ടിട്ടും ഹെൽത്ത് സൂപ്പർവൈസർ കടയ്ക്ക് ലൈസൻസ് അനുവദിച്ച എന്നുള്ള ആരോപണത്തിനും അപൂർണ്ണമായ ബിൽഡിംഗ് പ്ലാനും ലൊക്കേഷൻ പ്ലാനും അപേക്ഷയോടൊപ്പം സമർപ്പിച്ച ലൈസൻസിയ്ക്കെതിരെ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയിട്ടുള്ള നിർദ്ദേശങ്ങളിന്മേൽ സെക്ഷൻ ക്ലാർക്ക് തുടർ നടപടികൾ സ്വീകരിക്കാത്തതിനും ന്യായീകരണങ്ങളൊന്നും ശ്രീ.കൃഷ്ണകുമാറിന്റെ മറുപടിയിൽ നൽകിയിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ചിരുന്ന റിപ്പോർട്ടിന്റെ പകർപ്പ് കൊല്ലം മേഖലാ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ളതും ആയതിൽ പ്രസ്തുത കെട്ടിടത്തിന്റെ ഉടമ ഹാജരാക്കിയിട്ടുള്ള ലൊക്കേഷൻ സ്കെച്ച്, പ്ലാൻ എന്നിവയിൽ നിലവിലുള്ള നിർമ്മിതി തെറ്റായി വരച്ച് ഇല്ലാത്ത തുറസ്സ് സ്ഥലങ്ങൾ ഹാജരാക്കിയും കെട്ടിടത്തിന്റെ അളവുകൾ വ്യത്യാസപ്പെടുത്തിയും അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണെന്ന് വിശദീകരിച്ചിരിക്കുന്നു. ഈ റിപ്പോർട്ടിന്മേൽ നടപടി സ്വീകരിക്കാതെ വന്നിട്ടുള്ളത് സെക്രട്ടറിയുടെ മേൽനോട്ട വീഴ്ചയായി അനുമാനിക്കാവുന്നതാണ്. കൂടാതെ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിരുന്നില്ല എന്നതിന്മേൽ യാതൊന്നും തന്നെ ശ്രീ.എൻ.കെ.കൃഷ്ണകുമാറിന്റെ മറുപടിയിൽ പറയുന്നില്ല. അനധികൃത നിർമ്മാണം സംബന്ധിച്ച റിപ്പോർട്ടിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിൽ വീഴ്ച ഉണ്ടായത് ഔദ്യോഗിക കൃത്യനിർവ്വഹണത്തിലുള്ള വീഴ്ചയായി കണക്കാക്കി ശ്രീ.എൻ.കെ.കൃഷ്ണകുമാറിനെതിരെ ഉചിതമായ തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

6. സർക്കാർ ഇക്കാര്യം ജോയിന്റ്ഡയറക്ടറുടെയും നഗരകാര്യ ഡയറക്ടറുടേയും റിപ്പോർട്ടിന്റെയും ശ്രീകൃഷ്ണകുമാറിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. അനധികൃത കെട്ടിട നിർമ്മാണം ആരോപിക്കുന്ന കെട്ടിടം തകരഷീറ്റ് മേഞ്ഞ ഒറ്റ മുറി ഷെഡ്ഡാണെന്നും കെട്ടിട നിർമ്മാണം അനധികൃതമാണെന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടില്ലാത്തതിനാൽ മേൽ നടപടികൾ നിലവിൽ തുടരുന്നില്ലായെന്നും ടി ഷെഡ്ഡിന്

അനുബന്ധ നിർമ്മാണങ്ങൾ അനുവദനീയമല്ലെന്നുമുള്ള വിവരം താൽക്കാലിക തീർപ്പാക്കൽ നടപടിയിൽ ചേർത്തിട്ടുള്ളതാണെന്നുമുള്ള ആരോപണങ്ങൾ അസന്നിഗ്ദ്ധമായി തെളിയിച്ചിട്ടില്ലാത്തതിനാൽ നടപടികൾ പൂർണ്ണമായി തീർപ്പാക്കിയിട്ടില്ലാത്തതാണെന്നുള്ള ശ്രീ കൃഷ്ണകുമാറിന്റെ വിശദീകരണവും അനധികൃത നിർമ്മാണം സംബന്ധിച്ച റിപ്പോർട്ടിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിൽ വീഴ്ച ഉണ്ടായത് ഔദ്യോഗിക കൃത്യനിർവ്വഹണത്തിലുള്ള വീഴ്ചയായി കണക്കിലെടുത്തും ശ്രീ.കൃഷ്ണകുമാർ എൻ.കെ.യ്ക്കെതിരെ പരാമർശം (3)പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി സെൻഷർ നല്കി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ ജി

അഡിഷണൽ സെക്രട്ടറി

പകർപ്പ്

ഡയറക്ടർ, എൽ.എസ്.ജി.ഡി (അർബൻ), തിരുവനന്തപുരം.

ശ്രീ.എൻ.കെ.കൃഷ്ണകുമാർ, മുനിസിപ്പൽ സെക്രട്ടറി (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തൃശ്ശൂർ.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 08-02-2023 12:45:04

സെക്ഷൻ ഓഫീസർ